# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 13, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 288)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 6770 മുതൽ 6882 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 6883 മുതൽ 6959 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 6960 മുതൽ 6993 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 6994 മുതൽ 7015 വരെ |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 7016 മുതൽ 7057 വരെ |

### <u>ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം</u>

6770 ശ്രീ. റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഇത് എന്ന് മുതലാണ് സംസ്ഥാനത്ത് നടപ്പിലായി തുടങ്ങിയത് ; വിശദാംശങ്ങൾ നല്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിറുത്തിയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത് ; വിശദമാക്കുമോ ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി കേരളത്തിന് ഏറ്റവും അനുയോജ്യമായ തരത്തിൽ മാറ്റങ്ങൾ വരുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ക്യാൻസർ രോഗനിർണ്ണയം വൈകുന്നതു മൂലം</u>**
**<u>മരണനിരക്കിലുള്ള വർദ്ധന</u>**

6771 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗനിർണ്ണയം വൈകുന്നതു മൂലം മരണനിരക്കു വർദ്ധിക്കുന്ന സാഹചര്യമൊഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ ഏതൊക്കെയാണെന്നും, എവിടെയെല്ലാമാണ് അവ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) രോഗനിർണ്ണയം സംബന്ധിച്ച എല്ലാ സർക്കാർ ഡോക്ടർമാർക്കും ആവശ്യമായ പരിശീലനം നല്കുകയും, എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>കുറഞ്ഞ വിലയ്ക്ക് ജീവൻരക്ഷാ മരുന്നുകൾ</u>

6772 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വില കൂടിയ ജീവൻരക്ഷാ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(ബി) എത്ര ശതമാനം വില കുറച്ചാണ് പ്രസ്തുത മരുന്നുകൾ വിൽക്കുന്നത്;

(സി) സ്പെഷ്യാലിറ്റി മരുന്നുകൾക്ക് എത്ര ശതമാനം വില ക്കുറവാണ് നൽകുന്നത്;

(ഡി) എവിടെയെല്ലാം പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നു; വിശദമാക്കുമോ;

(ഇ) എല്ലാ മെഡിക്കൽ സ്റ്റോറുകളിലും ജില്ലാ ജനറൽ ആശുപത്രി കളിലും ഇത് ഉടൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>അവയവദാന നിയമം</u>**

**6773 ശ്രീ. സി.പി. മുഹമ്മദ്**
**'' എം.എ. വാഹിദ്**
**'' റ്റി.എൻ. പ്രതാപൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവയവദാനവുമായി ബന്ധപ്പെട്ട നിയമം ഉദാരമാക്കാൻ തീരു മാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിയമം ഉദാരമാക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏത് നിയമത്തിന്റെ ചുവടു പിടിച്ചാണ് വ്യവസ്ഥ ഉദാരമാക്കാൻ തിരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആരോഗ്യ കേന്ദ്രങ്ങളിലെ രോഗാണു പരിശോധന**

6774 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ രോഗാണു പരിശോധനയ്ക്കായി എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഏതെല്ലാം രോഗങ്ങൾക്കുള്ള പരിശോധനയാണ് പ്രസ്തുത കേന്ദ്രങ്ങൾ വഴി നടത്തുന്നത്;

(സി) പ്രസ്തുത കേന്ദ്രങ്ങളിലെ പരിശോധന കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സർക്കാർ നിയന്ത്രണത്തിലുള്ള മരുന്ന് വില്പന കേന്ദ്രങ്ങളിൽ ഒരേ മരുന്നിന് വ്യത്യസ്ത വില**

**6775**

**ശ്രീ. എ.കെ. ശശീന്ദ്രൻ**
**,, തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള മരുന്നു വില്പനശാലകളായ എച്ച്. എൽ. എൽ, മെഡിക്കൽ കോളേജ് ആശുപത്രി പേയിംഗ് കൗണ്ടർ, മരുന്ന് വില കുറച്ച് നൽകുന്നതിനായി ആരംഭിച്ച കാരുണ്യ മെഡിക്കൽ സ്റ്റോർ, എസ്. എ. ടി. പേയിംഗ് കൗണ്ടർ എന്നിവിടങ്ങളിൽ ഒരേ മരുന്നിന് വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പാവപ്പെട്ട രോഗികൾക്ക് വിലകുറച്ച് മരുന്ന് ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച കാരുണ്യ മെഡിക്കൽ സ്റ്റോറിൽ ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ അവശ്യംവേണ്ട മരുന്നുകൾ എത്തിക്കാൻ നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ

## 13.07.2012 -ലെ മറുപടിക്ക്

**<u>സമഗ്ര ആരോഗ്യ പാക്കേജ്</u>**

**6776** **ശ്രീ. സി. ദിവാകരൻ**
**,, കെ. രാജു**
**,, കെ. അജിത്**
**,, പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് സമഗ്ര ആരോഗ്യ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാക്കേജുകൾക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പാക്കേജ് നടപ്പാക്കി വരുന്നതെന്നും ആയതിന്റെ പുരോഗതിയും വിശദമാക്കുമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**'ന്യൂട്രീഷ്യൻ പോളിസി'**

T 6777 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ന്യൂട്രീഷ്യൻ പോളിസി' യ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>മെഡിക്കൽ കോളേജ് ആശുപത്രികളെ പരസ്യ-രഹിത-സോണുകളാക്കാൻ നടപടി</u>**

6778 ശ്രീ. ഹൈബി ഈഡൻ
,, വർക്കല കഹാർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളെ പരസ്യ-രഹിത-സോണുകളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഇത് ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി**

6779 ശ്രീ. വി. ശിവൻകുട്ടി
,, സി.കെ. സദാശിവൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്ന കേരളത്തിലെ ഏറ്റവും വലിയ നേത്ര പരിശോധന കേന്ദ്രത്തിന്റെ പ്രവർത്തനം അധികാരികളുടെ അനാസ്ഥ മൂലം അവതാളത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രിയിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എട്ടു നിലകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണം ഇപ്പോൾ മന്ദഗതിയിൽ നീങ്ങുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്; ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ;

(ഡി) നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പൊതുജനാരോഗ്യമേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ**

6780 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 12-ാം പദ്ധതിയിൽ (2012-17) സംസ്ഥാന സർക്കാർ പൊതുജനാരോഗ്യമേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; ഈ പരിപാടികൾ നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ നീക്കിവയ്ക്കുക; വ്യക്തമാക്കുമോ;

(ബി) കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് സ്കീമിൽ സർക്കാർ ആശുപത്രികളിൽ എന്തെല്ലാം വികസനമാണ് നടപ്പിലാക്കുന്നത്; ഈ പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**12-ാം പദ്ധതിയുടെ ഭാഗമായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ആരംഭിച്ച പദ്ധതികൾ**

**6781 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 12-ാം പദ്ധതിയുടെ ഭാഗമായി സമഗ്ര ആരോഗ്യ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ (ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ, പഞ്ചായത്ത്) ആരംഭിച്ച പദ്ധതികൾ ഏതെല്ലാം; എങ്കിൽ അനുവദിച്ച തുക എത്രയയെന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കേരള ആരോഗ്യശ്രീ പദ്ധതി**

6782 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ആരോഗ്യശ്രീ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് ഇത് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി സർക്കാരിതര ആശുപത്രികൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇതുവരെ ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയത്; അതിനായി എത്ര തുക ചെലവഴിക്കുകയുണ്ടായിയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കൽ</u>**

6783 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എവിടെയൊക്കെയാണ് പുതുതായി ആശുപത്രികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>മാനസികാരോഗ്യ കേന്ദ്രങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും മനോരോഗ വിദഗ്ദ്ധരുടെ സേവനം</u>**

6784 **ശ്രീ. പാലോട് രവി**
**,, ഷാഫി പറമ്പിൽ**
**,, എ. റ്റി. ജോർജ്**
**,, പി. എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ കേന്ദ്രങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും മനോരോഗ വിദഗ്ദ്ധരുടെ സേവനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച ചട്ടങ്ങൾക്ക് കേന്ദ്രാംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>സ്വകാര്യ സ്കാനിംഗ് സെന്ററുകളുടെ പ്രവര്‍ത്തനം</u>**

6785 **ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍**
**,, എം. എ. വാഹിദ്**
**,, വി. പി. സജീന്ദ്രന്‍**
**,, സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന സ്വകാര്യ സ്കാനിംഗ് സെന്ററുകളുടെ പ്രവര്‍ത്തനം നിരീക്ഷിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏത് ഓഫീസുകള്‍ കേന്ദ്രീകരിച്ചാണ് നിരീക്ഷണ സംവിധാനം ഏര്‍പ്പെടുത്തുന്നത്;

(സി) സെന്ററുകളുടെ വിവരങ്ങള്‍ അടങ്ങിയ ഡാറ്റാബാങ്ക് തയ്യാറാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട സമിതിയിലെ അംഗങ്ങള്‍ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഭക്ഷ്യ സാധന നിര്‍മ്മാണ-വിപണന സ്ഥാപനങ്ങളുടെ രജിസ്ട്രേഷന്‍**

6786 ശ്രീ. കെ. രാധാകൃഷ്ണന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, സി. കൃഷ്ണന്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യ സാധനങ്ങള്‍ നിര്‍മ്മിക്കുകയും വില്‍ക്കുകയും ചെയ്യുന്ന സംസ്ഥാനത്തെ സ്ഥാപനങ്ങള്‍ എല്ലാം രജിസ്റ്റര്‍ ചെയ്തതായി ഉറപ്പാക്കിയിട്ടുണ്ടോ ;

(ബി) രജിസ്റ്റര്‍ ചെയ്തു ലൈസന്‍സ് വാങ്ങാതെ പ്രവര്‍ത്തിച്ചു വരുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) രജിസ്ട്രേഷന്റെ പരിധിയില്‍ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ ;

(ഡി) നിയമം നടപ്പിലാക്കിയതിനുശേഷം നിര്‍ദ്ദിഷ്ട ഗുണനിലവാരം ഇല്ലാത്ത ഭക്ഷണം വിറ്റ എത്ര പേര്‍ക്കെതിരെ നിയമാനുസൃതമായി കേസെടുക്കുകയുണ്ടായി ;

(ഇ) ലൈസന്‍സ് എടുക്കാത്തതിന്റെ പേരില്‍ എത്രപേര്‍ക്കെതിരെ പിഴയിടുകയുണ്ടായി ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ശബരിമല മാസ്റ്റർ പ്ലാൻ**

6787 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഡി.എം.ഇ, ഡി.എച്ച്.എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കൽ**

**6788 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡി.എം.ഇ, ഡി.എച്ച്.എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര കോടതി വ്യവഹാരങ്ങൾ സംജാതമായിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ വ്യവഹാരങ്ങളിൽ ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, സർക്കാർ തലങ്ങളിൽ ബന്ധപ്പെട്ട് കോടതികളിൽ സമർപ്പിച്ച എല്ലാ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിന്റേയും കൗണ്ടർ അഫിഡവിറ്റുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയയിൽ നടന്ന ക്രമവിരുദ്ധ നടപടികളിന്മേൽ നിലവിൽ എത്ര കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നു;

(ഡി) ബന്ധപ്പെട്ട കേസുകളിൽ സർക്കാർ/ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്ത് നിന്നുള്ള കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിന് കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഇ) ഈ വിഷയത്തിൽ വിവിധ കോടതി വ്യവഹാരങ്ങളിൽ യഥാസമയം കൗണ്ടർ അഫിഡവിറ്റ്/സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് പേവാർഡുകൾ**

**6789** **ശ്രീ.എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് പേവാർഡുകൾ താമസയോഗ്യമല്ലാതായിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുക പര്യാപ്തമാണോ; തുകവർദ്ധിപ്പിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഡോക്ടർമാരുടെ ഒഴിവുകൾ**

6790 ശ്രീ. ഇ. പി. ജയരാജൻ
,, എ. പ്രദീപ്കുമാർ
,, കെ. വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും മറ്റു ഡോക്ടർമാരുടെയും ഒഴിവുകൾ കാരണം സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; ഇനി എന്തു നടപടികൾ എടുക്കാനാണ് ആലോചിക്കുന്നതെന്നറിയിക്കാമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ്-2</u>**
**<u>സീനിയോറിറ്റി ലിസ്റ്റ്</u>**

**6791 ശ്രീ. സി. കൃഷ്ണന്‍**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

(എ) **ആരോഗ്യ വകുപ്പില്‍ ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ്-2 സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധപ്പെടു ത്തിയത് എന്നാണ് ;**

(ബി) **പ്രസ്തുത സീനിയോറിറ്റി ലിസ്റ്റില്‍ അപാകം ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ പരാതി നല്‍കിയവരുടെ വിശദാംശങ്ങള്‍ നല്‍കാമോ ;**

(സി) **പരാതി പരിഹരിക്കുന്നതിന് നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ;**

(ഡി) **പരാതി പരിഹരിച്ച് പുതിയ സീനിയോറിറ്റി ലിസ്റ്റ് എപ്പോള്‍ പ്രസിദ്ധപ്പെടുത്തുമെന്ന് അറിയിക്കാമോ ; പ്രസിദ്ധപ്പെടുത്തിയിട്ടു ണ്ടെങ്കില്‍ ആയത് ലഭ്യമാക്കാമോ ;**

(ഇ) **പുതുക്കിയ സീനിയോറിറ്റി ലിസ്റ്റില്‍ നിന്നും ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ്-1 തസ്തികയിലേയ്ക്ക് പ്രൊമോഷന്‍ നടപടികള്‍ ദ്രുതഗതിയില്‍ ആരംഭിക്കുമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ**

**6792 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് ക ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകിയതിൽ സീനിയോറിറ്റി മറികടന്ന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായി സർവ്വീസിൽ പ്രവേശിക്കുമ്പോൾത്തന്നെ ജീവനക്കാരെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കിയതിനുശേഷം പിന്നീട് 'വെയർ എബൗട്ട്സ്' ആവശ്യപ്പെട്ട് ജീവനക്കാരുടെ പ്രമോഷൻ വൈകിപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 'വെയർഎബൗട്ട്സ്' നൽകാത്തതിന്റെ പേരിൽ ഏതെങ്കിലും ജീവനക്കാർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് കക ൽ നിന്ന് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകാത്തതായി അറിയാമോ;

(ഇ) പ്രസ്തുത പ്രമോഷൻ തടഞ്ഞുവയ്ക്കപ്പെട്ടവർക്ക് ഉടനെ പ്രമോഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**നേമം നിയോജകമണ്ഡലത്തിൽ പകർച്ചപ്പനിയും പകർച്ചവ്യാധികളും തടയുന്നതിന് സ്വീകരിച്ച നടപടികൾ**

6793 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ പകർച്ചപ്പനിയും പകർച്ചവ്യാധികളും തടയുവാനും പ്രതിരോധിക്കുവാനും വിവിധ സർക്കാർ ആശുപത്രികൾ മുഖേന കൈക്കൊണ്ടതും നടപ്പിലാക്കിയതുമായ വിവിധ പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സംസ്ഥാനത്തെ ആശുപത്രികളിൽ വിവിധ പനി ബാധിച്ച് എത്തിയവരുടെ എണ്ണം**

**6794 ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻകരുതൽ പ്രവർത്തനങ്ങളും ബോധവൽക്കരണവും മൂലം പനി ബാധിച്ചുമരിച്ചവരുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞെങ്കിലും പനിബാധിതരുടെ എണ്ണം ദിനം പ്രതി കൂടി വരുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഈ സർക്കാർ മുൻകരുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരുന്നതും, വിവിധ വകുപ്പുകളെ ഏകോപിച്ച് പ്രവർത്തിക്കാൻ കഴിയാതിരുന്നതും പ്രശ്നത്തിന്റെ ആഴം വർദ്ധിപ്പിച്ചുവെന്നത് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) 2012 ഏപ്രിൽ മുതൽ ഇന്നുവരെ സംസ്ഥാനത്തെ ആശുപത്രികളിൽ വിവിധ പനി ബാധിച്ച് എത്തിയവരുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനം**

6795 ശ്രീ. എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖല പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നതായുള്ള ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പശ്ചാത്തലത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്താകെ സങ്കീർണ്ണമായിരിക്കുന്ന മാലിന്യപ്രശ്നം പകർച്ച വ്യാധികൾക്ക് കാരണമായിരിക്കെ, പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഏകോപനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏകോപന രംഗത്ത് പ്രവർത്തിക്കേണ്ടുന്ന പ്രധാന തസ്തികകൾ എല്ലാം ഒഴിഞ്ഞുകിടക്കുകയാണെന്നറിയാമോ ; എങ്കിൽ ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>പാൻമസാല നിരോധനം</u>**

**6796 ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാൻമസാല നിരോധിച്ചുകൊണ്ടുളള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പാൻമസാല നിരോധിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങിയതിനു ശേഷമുളള റെയ്ഡിൽ സംസ്ഥാനത്തൊട്ടാകെ എത്ര പാൻമസാല പിടിച്ചെടുത്തിട്ടുണ്ട് ;

(സി) പാൻമസാല നിരോധന ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഡീ അഡിക്ഷൻ പദ്ധതി**

6797 ശ്രീ. പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമകളായി മാറിയവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പു നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി വിശദീകരിക്കാമോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഡീ അഡിക്ഷൻ പ്രവർത്തനത്തിനൊപ്പം, ബോധവൽക്കരണത്തിനും വിഭാവനം ചെയ്യുന്നുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കാസർകോട് ജില്ലയിലെ ജീവനക്കാരെ മുൻകൂർ അനുമതി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുവാൻ നടപടി**

6798 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർ അന്യസംസ്ഥാനങ്ങളിൽ ചികിത്സ തേടുമ്പോൾ മുൻകൂർ അനുമതി വാങ്ങിയാൽ മാത്രമേ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) അടിയന്തിര ഘട്ടങ്ങളിൽ മുൻകൂർ അനുമതി വാങ്ങാതെ ഇത്തരം ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ, കേസുകളുടെ മെറിറ്റ് നോക്കി മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമം വിശദമാക്കുമോ;

(ഡി) ഇത്തരം അപേക്ഷകൾ തീരുമാനമാക്കാതെ മടങ്ങുകയോ, അനുവദിക്കാതിരിക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചികിത്സാസൗകര്യങ്ങൾ വളരെ കുറഞ്ഞതും കർണാടകയിലെ മംഗലാപുരത്ത് മാത്രം വിദഗ്ധ ചികിത്സാ സൗകര്യമുള്ളതുമായ, കാസർകോട് ജില്ലയിലെ ജീവനക്കാരെ മുൻകൂർ അനുമതി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുവാൻ നപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>ചികിത്സാ ചെലവ് റീഇമ്പേഴ്സ്മെന്റ് നടത്തുന്നതിന് ഉണ്ടാകുന്ന കാലതാമസം</u>**

**6799 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഇൻഷ്വറൻസ് കാർഡ് ഇല്ലാത്തതിനാലും, മറ്റു ഇളവുകൾ ചികിത്സയക്ക് ലഭിക്കാത്തതിനാലും അടിയന്തിര സ്വഭാവമുള്ളതും, ചെലവേറിയതുമായ ചികിത്സ വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ജീവനക്കാരും കുടുംബാംഗങ്ങളും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സാ ചെലവ് റീഇമ്പേഴ്സ്മെന്റ് നടത്തുന്നതിന് ഉണ്ടാകുന്ന കാലതാമസം ജീവനക്കാർക്ക് സാമ്പത്തികമായ പ്രയാസങ്ങൾ ഉണ്ടാക്കുന്നു എന്ന് ബോധ്യപ്പെട്ട് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് നടപടികൾ കൂടുതൽ ഉദാരമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അടിയന്തിര സ്വഭാവമുള്ള ചികിത്സകൾക്കും മേജർ സർജറികൾക്കും സർക്കാർ ജീവനക്കാർക്ക് നൽകിയിരുന്ന അഡ്വാൻസ് തുക നിലവിൽ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ആയത് വീണ്ടും നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പാവപ്പെട്ട രോഗികൾക്ക് വൈദ്യസഹായം**

6800 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട രോഗികൾക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സൊസൈറ്റിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഇനി എത്ര അപേക്ഷകൾക്ക് സഹായം അനുവദിക്കാൻ ബാക്കിയുണ്ട് ; വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം ആശുപത്രികളിലെ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയ്ക്കാണ് പ്രസ്തുത ചികിത്സാ സഹായം അനുവദിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) അപേക്ഷകരുടെ വരുമാന പരിധി എത്ര ;

(ഇ) നിലവിലുള്ള സഹായം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 –ലെ മറുപടിക്ക്

**കൈപ്പിഴകൾ വന്നാൽ ഒഴിഞ്ഞുമാറുന്ന ഡോക്ടർമാർക്കും സ്വകാര്യ ആരോഗ്യസ്ഥാപനങ്ങൾക്കുമെതിരെ കർശന നടപടി**

**6801 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമാതുറ, അണക്കുപ്പിള്ള, ആറ്റരുകത്ത് വീട്ടിൽ നൗഫൽ എന്ന പതിമൂന്നു വയസ്സുകാരന് ഏഴു വർഷം മുമ്പ് സ്വകാര്യ ആശുപത്രിയിൽ 'സുന്നത്തു' കർമ്മത്തിനിടിയിലുണ്ടായ കൈപ്പിഴ മൂലം കിടപ്പിലായ പത്രവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വീടും പറമ്പും, ബാങ്കിൽ പണയപ്പെടുത്തി ചികിത്സ തുടരുന്ന ഈ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം ഇതിനകം ലഭിച്ചിട്ടുണ്ടോ;

(സി) ഈ വിദ്യാർത്ഥിയുടെ തുടർ ചികിത്സാ ചെലവുകൾ ഏറ്റെടുക്കു ന്നതിനു നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം ഗുരുതരമായ കൈപ്പിഴകൾ വന്നാൽ അതിന് നഷ്ടപരിഹാരം കാണാതെ ഒഴിഞ്ഞുമാറുന്ന ഡോക്ടർമാർക്കും സ്വകാര്യ ആരോഗ്യസ്ഥാപനങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>പരലുപ്പിന്റെ ഉപയോഗവും വിതരണവും</u>**

6802 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാനത്ത് പരലുപ്പിന്റെ ഉപയോഗവും വിതരണവും നിയമം മൂലം നിരോധിച്ചിട്ടുണ്ടോ;**

(ബി) **എങ്കില്‍ അതിന്റെ കാരണം വ്യക്തമാക്കുമോ ;**

(സി) **അയോഡൈഡ് ചെയ്ത ഉപ്പുകളുടെ അമിത ഉപയോഗം പലരോഗങ്ങള്‍ക്കും കാരണമാകുന്നതായ വാര്‍ത്തകള്‍ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?**

**കേരള നിയമസഭ**

**13.07.2012 -ലെ മറുപടിക്ക്**

**<u>മരുന്നുകൾ ഫലപ്രദമായും കാര്യക്ഷമമായും സൂക്ഷിക്കാൻ പ്രത്യേക സംവിധാനം</u>**

**6803 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗികൾക്ക് മരുന്നുകൾ കിട്ടാൻ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ മരുന്നുകൾ വൃത്തിഹീനമായ ചുറ്റുപാടുകളിൽ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആശുപത്രികളിൽ മരുന്നുകൾ ഫലപ്രദമായും കാര്യക്ഷമമായും സൂക്ഷിക്കാൻ പ്രത്യേക സംവിധാനം കൊണ്ടുവരാൻ തയ്യാറാകുമോ;

(ബി) ഉപയോഗിച്ചു കഴിഞ്ഞ സിറിഞ്ചുകൾ നശിപ്പിക്കുന്നതിന് ആധുനിക സമ്പ്രദായം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം</u>

6804 ശ്രീ. വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ജനറിക്ക് മരുന്നുകൾ സൗജന്യമായി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ജനറിക്ക് മരുന്നുകളുടെ സവിശേഷതകൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിനുള്ള സാമ്പത്തിക ബാദ്ധ്യത എങ്ങനെ മറികടക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ആയത് എന്ന് മുതൽ പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**മരുന്നുകളുടെ ഗുണനിലവാര പരിശോധന**

6805 **ശ്രീ. സി. ദിവാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മരുന്നുകളുടെ ഗുണനിലവാര പരിശോധനയില്‍ വന്‍വീഴ്ചയുണ്ടായെന്ന ഫാര്‍മസി കൗണ്‍സിലിന്റെ പ്രസ്താവന ഉണ്ടാകാനുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്ത് സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**എറണാകുളം റീജിയണൽ ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറി**

**6806** **ശ്രീ. വി.ഡി. സതീശൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജീവൻ രക്ഷാ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന ഊർജ്ജിതമാക്കുന്നതിനായി എറണാകുളത്ത് കാക്കനാട് നിർമ്മിക്കുന്ന റീജിയണൽ ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് പറയുമോ;

(ബി) എങ്കിൽ പ്രസ്തുത ലബോറട്ടറിക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ, അനുബന്ധ കെമിക്കലുകൾ, ഓഫീസ് സാമഗ്രികൾ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ലബോറട്ടറിയുടെ ഔദ്യോഗിക പ്രവർത്തനോത്ഘാടനം എന്ന് നടത്താനാകും;

(ഡി) ലബോറട്ടറിക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>സ്വകാര്യ ലാബുകളുടെ പരിശോധനാ നിരക്ക് പ്രദർശിപ്പിക്കുവാൻ നടപടി</u>**

6807 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബുകളുടെ പ്രവർത്തനവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) സ്വകാര്യ ലാബുകളുടെ പരിശോധനാ നിരക്ക് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ക്യാൻസർ ചികിത്സയ്ക്ക് അഡ്വാൻസായി</u>**
**<u>സാമ്പത്തിക സഹായം</u>**

6808 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ക്യാൻസർ ചികിത്സക്ക് അഡ്വാൻസ് ആയി സാമ്പത്തിക സഹായം നൽകുന്നതിനുളള ഉത്തരവ് നിലവിലുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ക്യാൻസർ കെയർ സെന്ററുകൾ**

6809 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ കെയർ സെന്ററുകൾ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാം ; വിശദമാക്കുമോ ;

(സി) എവിടെയൊക്കെയാണ് ഇത് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) സെന്ററുകൾ തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>മാവൂരിൽ ക്യാൻസർ ചികിത്സാകേന്ദ്രം</u>

6810 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ ക്യാൻസർ ചികിത്സയ്ക്കായി ഏഴ് ഏക്കർ സ്ഥലവും മൂന്നുനില കെട്ടിടവും സർക്കാരിലേക്ക് സൗജന്യമായി വിട്ടുനൽകിയത് ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇവിടെ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്ലാൻ ഇംപ്ലിമെന്റേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലാണോ ഈ സംവിധാനം കൊണ്ടുവരുന്നത്;

(ഡി) നിലവിലുള്ള കെട്ടിടം പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്;

(ഇ) ഇപ്പോഴുള്ള കെട്ടിടം സാമൂഹ്യ വിരുദ്ധരുടെ കയ്യേറ്റങ്ങളിൽ നിന്ന് തടയുന്നതിന് എന്ത് സംവിധാനമാണുള്ളത്;

(എഫ്) ഇവിടെ എപ്പോൾ മുതൽ രോഗികൾക്ക് സേവനം നൽകാൻ സാധിക്കും; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**എയ്ഡ്സിനെതിരായ അനധികൃത ചികിത്സയും വ്യാജമരുന്നുകളും വ്യാപകമാകുന്നതായ പ്രചരണം**

**6811 ശ്രീ. കെ.കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സിനെതിരായ അനധികൃത ചികിത്സയും വ്യാജ മരുന്നുകളും വ്യാപകമാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എയ്ഡ്സ് രോഗികൾക്ക് പ്രതിരോധശേഷി കൂട്ടുന്നതിന് സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന ആന്റി റിട്രോവൈറൽ മരുന്നുകൾ അനധികൃത ചികിത്സക്കാർ വൻതുകയ്ക്ക് വിൽക്കുന്നതായ വാർത്ത പരിശോധിച്ചിട്ടുണ്ടോ;

(സി) എയ്ഡ്സ് ബാധിതർക്കിടയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ഇതുസംബന്ധിച്ച് എത്ര പരാതികൾ നൽകിയിട്ടുണ്ട്; എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ രംഗത്തെ വ്യാജമരുന്ന് വിൽപനയും അനധികൃത ചികിത്സയും തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സ്കൂളുകളിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം**

6812 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാനസികാരോഗ്യകേന്ദ്രങ്ങളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) വർദ്ധിച്ചുവരുന്ന മാനസിക രോഗങ്ങൾ, മാനസിക സമ്മർദ്ദം എന്നിവ നേരിടുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നതിനായി സ്കൂൾ, കോളേജുകളിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>വൃക്കദാനത്തിന് നിലവിലുള്ള നിയമവ്യവസ്ഥ</u>**

6813 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കദാനത്തിന് നിലവിലുള്ള നിയമ വ്യവസ്ഥ എപ്രകാരമാണ്; വിശദമാക്കുമോ;

(ബി) നിയമവ്യവസ്ഥയുടെ കുരുക്കിൽപ്പെട്ട് ഭൂരിഭാഗം പേർക്കും യഥാസമയം വൃക്ക ലഭിക്കുന്നതിനുള്ള കാലതാമസം മൂലം ജീവഹാനി സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

ബലൂണ്‍ സര്‍ജറി

6814 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ മെഡിക്കല്‍ കോളേജുകളിലും ബലൂണ്‍ സര്‍ജറി സൗകര്യമുള്ള സര്‍ക്കാര്‍ ആശുപത്രികളിലും ബലൂണ്‍ സര്‍ജറിക്ക് എത്ര തുകയാണ് ഈടാക്കുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക സ്വകാര്യ ആശുപത്രികളില്‍ ഈടാക്കുന്നതിനേക്കാള്‍ കൂടുതലാണെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സര്‍ജറിക്ക് ചാര്‍ജ് കുറയ്ക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**മൊബൈൽ ബ്ലഡ് ബാങ്ക്**

**6815** **ശ്രീ. ജി. സുധാകരൻ**
**,, ബാബു. എം. പാലിശ്ശേരി**
**,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
**,, കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ രക്തബാങ്കുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ;

(ബി) വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് സർക്കാർ രക്തബാങ്കുകളുടെ നവീകരണവും വ്യാപനവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബ്ലഡ് ബാങ്കിന്റെയും ശേഖരിക്കുന്ന രക്തത്തിന്റെയും ഗുണനിലവാരം, ശുചിത്വം എന്നിവ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) രക്തദാതാക്കളുടെ എണ്ണത്തിൽ വൻകുറവ് വന്നുകൊണ്ടിരിക്കുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഇ) രക്തബാങ്കുകൾ ഇല്ലാത്ത പ്രദേശങ്ങളിലെ ആശുപത്രികളിൽ അടിയന്തിരമായി രക്തം നൽകുന്നതിനും അതാതിടങ്ങളിൽ നിന്നും രക്തം സ്വീകരിക്കുന്നതിനുമുള്ള സൗകര്യങ്ങളോടുകൂടിയ മൊബൈൽ ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**യുവജനങ്ങളിൽ കണ്ടു വരുന്ന വയോജന രോഗങ്ങൾ**

6816 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളിൽ മാത്രം കണ്ടു വന്നിരുന്ന സന്ധി വേദനയും അസ്ഥിയുടെ തേയ്മാനവും ഓർമ്മക്കുറവ് പോലുള്ള പല രോഗങ്ങളും യുവജനങ്ങളിലും കണ്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം രോഗങ്ങളിൽ നിന്നും രക്ഷ നേടാനാവശ്യമായ ബോധവൽക്കരണവും ചികിത്സക്കുമുള്ള സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>സമഗ്ര ദന്താരോഗ്യനയം</u>

6817 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ദന്താരോഗ്യ നയം പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ജനസംഖ്യയിൽ മുതിർന്നവരിലും കുട്ടികളിലും എത്ര ശതമാനം പേരിലാണ് ദന്തരോഗങ്ങൾ കണ്ടുവരുന്നത്;

(സി) സർക്കാർ ആശുപത്രികളിൽ ദന്തരോഗ വിഭാഗങ്ങൾ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ഡി) ജില്ലാതലത്തിൽ ഡന്റൽ ഹൈജീനിസ്റ്റുകളുടെ പ്രൊമോഷൻ തസ്തികയായി ഡന്റൽ ഹെൽത്ത് ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ദന്ത വദന രോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ**

**6818**

**ശ്രീ. വി. ഡി. സതീശൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ആരോഗ്യ വകുപ്പിൽ ദന്ത-വദന രോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നിലവിലുള്ള ഡന്റൽ ഹൈജീനിസ്റ്റുകളെ ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ;**

(ബി) **ഡന്റൽ ഹൈജീനിസ്റ്റുകളെ സംസ്ഥാനത്തെ സ്കൂളുകളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ;**

(സി) **ഡോ. മോഹനൻ നായർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള പ്രൊമോഷൻ തസ്തികകൾ ഡന്റൽ ഹൈജീനിസ്റ്റുകൾക്ക് അനുവദിച്ച് നൽകുവാൻ നടപടി ഉണ്ടാകുമോ;**

(ഡി) **ഡന്റൽ ഹൈജീനിസ്റ്റുകളെ 1948 ലെ** Dentist Act **ന് വിരുദ്ധമായി** Dental Chair Side Assistance **ജോലികൾ ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>സർക്കാർ ദന്തൽ യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

**6819 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദന്തവദന രോഗങ്ങൾ വ്യാപകമാകുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ദന്തൽ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി ശക്തിപ്പെടുത്താത്തതിനാൽ സാധാരണക്കാർ സ്വകാര്യ ദന്തൽ ക്ലീനിക്കുകളെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2011-2012 സാമ്പത്തിക വർഷം സർക്കാർ ദന്തൽ യൂണിറ്റുകളുടെ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ബജറ്റിൽ നീക്കിവച്ചിരുന്നുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ദന്തൽ യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**വൈക്കം നിയോജക മണ്ഡലത്തിലെ**
**പാലിയേറ്റീവ് കെയര്‍ യൂണിറ്റുകള്‍**

**6820 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ പ്രൈമറി ഹെല്‍ത്ത് സെന്ററുകളില്‍ പാലിയേറ്റീവ് കെയര്‍ യൂണിറ്റുകള്‍ പ്രവര്‍ത്തിക്കാത്തതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ അവ ഏതെല്ലാമെന്ന് പറയുമോ ;

(ബി) പ്രസ്തുത പി.എച്ച്.സി.കളില്‍ എവിടെയൊക്കെ ശയ്യാവലംബി കളായ രോഗികള്‍ക്ക് സഹായകരമായ ഉപകരണങ്ങള്‍ വിതരണം നടത്തിയിട്ടുണ്ട്; ഏതെങ്കിലും പി.എച്ച്.സി കളില്‍ പ്രസ്തുത രീതിയില്‍ വിതരണം നടത്താത്തതായി കണ്ടെത്തിയിട്ടുണ്ട് ; ഉണ്ടെങ്കില്‍ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) പാലിയേറ്റീവ് കെയര്‍ യൂണിറ്റുകള്‍ വഴി രോഗികള്‍ക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത്; ഇതില്‍ നിര്‍ദ്ധനരായ രോഗികള്‍ക്ക് എന്തെങ്കിലും പ്രത്യേക പരിഗണന നല്‍കാറുണ്ടോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരായ രോഗികൾക്ക് ധനസഹായം**

6821 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരായ രോഗികൾക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം</u>**

**6822** **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അടിയന്തിരമായി ഏർപ്പെടുത്തുമോ ;

(ബി) നിലവിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ആണ് ഡയാലിസിസ് സൗകര്യമുളളത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുമോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സർക്കാർ കണ്ണാശുപത്രിയുടെ പ്രവർത്തനങ്ങൾ**

**6823 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ സർക്കാർ കണ്ണാശുപത്രിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ;

(ബി) മെഡിക്കൽ കോർപ്പറേഷന്റെ മരുന്നുവിതരണം നിലച്ചതോടെ, അവശ്യമരുന്നുകളും സാധന സാമഗ്രികളും പുറത്തുനിന്നും വാങ്ങേണ്ടിവരുന്ന അവസ്ഥ ഗൗരവമായി കാണുന്നുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത കണ്ണാശുപത്രിയുടെ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡോക്ടർമാർ ജോലിക്ക് ഹാജരാകാത്തത്</u>**

**6824 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഡോക്ടറെ പഠിപ്പിച്ചെടുക്കുവാൻ സംസ്ഥാന ഖജനാവിൽ നിന്ന് ചെലവാക്കുന്ന തുക എത്ര; ഓരോ വർഷവും ആയതിലേക്കായി എത്ര കോടി രൂപ ചെലവഴിക്കുന്നു; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും പൊതുജനങ്ങളുടെ നികുതിയിനം ഉപയോഗിച്ച് ഡോക്ടർമാരെ പഠിപ്പിച്ചെടുത്താൽ ഇവർ കുറച്ചുപേർ സമൂഹത്തിനോട് നീതി പുലർത്തുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഡി) സംസ്ഥാന ഖജനാവിൽ നിന്നും ചെലവ് വഹിച്ച് ഡോക്ടർ ആകുന്നവർ സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കാതെ സ്വകാര്യ ആശുപത്രികളിൽ സേവനം അനുഷ്ഠിച്ച് കൂടുതൽ കാശുണ്ടാക്കുന്ന പ്രവണത കൂടിവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(എഫ്) വ്യവസ്ഥകൾക്ക് വിരുദ്ധമായി എത്ര സർക്കാർ ഡോക്ടർമാരാണ് സ്വകാര്യ ആശുപത്രികളിൽ ജോലി നോക്കുന്നത്; ഇത്തരം ഡോക്ടർമാർക്കെതിരെ സർക്കാർ എന്തൊക്കെ കർശന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷന്റെ നിയന്ത്രണ ത്തിലുള്ള ഒഫ്താൽമിക് അസിസ്റ്റന്റുമാർ**

6825 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷന്റെ നിയന്ത്രണത്തിൽ എത്ര ഒഫ്താൽമിക് അസിസ്റ്റന്റുമാർ പ്രവർത്തിക്കുന്നുണ്ടെന്ന് സ്ഥാപനം തിരിച്ച് പറയുമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ എത്ര പേരാണ് ഇരട്ട നിയന്ത്രണം ഒഴിവാക്കലിലൂടെ ഡി. എം. ഇ. യിൽ എത്തിയത്; ഗ്രേഡ് തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(സി) ഡി. എം. ഇ. യിലേക്ക് ഒഫ്താൽമിക് അസിസ്റ്റന്റുമാരെ നിയമിച്ചപ്പോൾ ആരോഗ്യ വകുപ്പിൽ നിലനിന്നിരുന്ന ഗ്രേഡ് അനുപാതം ഡി. എം. ഇ. യിലും നിലനിറുത്തിയിരുന്നുവോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ നിലവിലുണ്ടോ;

(ഡി) ഡി. എം. ഇ. യിൽ ഒഫ്താൽമിക് അസിസ്റ്റന്റുമാരെ നിയമിച്ചതുമായി ബന്ധപ്പെട്ട് കോടതിയിൽ എത്ര കേസ്സുകൾ നിലവിലുണ്ട്; ഈ കേസിൻമേൽ രണ്ടു വകുപ്പുകളിലും നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) ഡി. എം. ഇ. നിയമനത്തിൽ എത്തിയ പ്രസ്തുത ജീവനക്കാരുടെ നിയമന അർഹത പരിശോധിക്കുവാനും അനർഹർ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അവരെ മടക്കി ഡി. എച്ച്. എസ് ലേക്ക് അയക്കുവാനും തയ്യാറാകുമോ; ഇത്തരം പോരായ്മകൾ കടന്നു കൂടുവാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ്**

6826 ശ്രീ. പി. സി. ജോർജ്
ഡോ: എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ എൻ. സി. വി. റ്റിയുടെ അംഗീകാരമുള്ള ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സിനെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സിന്റെ സിലബസും ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ സിലബസും ഒന്നുതന്നെയാണോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത കോഴ്സിൽ വിജയകരമായി പഠനം പൂർത്തീകരിച്ചിട്ടുള്ള ട്രെയിനികൾക്ക് ഹെൽത്ത് ഇൻസ്പെക്ടർ ആയി നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത കോഴ്സ് പാസ്സായിട്ടുള്ളവരെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**ബി.എസ്.സി/എം.എസ്.സി. ഒപ്ടോമെട്രി കോഴ്സ് നടത്തുന്ന സ്ഥാപനങ്ങള്‍**

**6827 ശ്രീ. ജി. എസ്. ജയലാല്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ബി.എസ്.സി./എം.എസ്.സി. ഒപ്ടോമെട്രി കോഴ്സ് നടത്തുന്ന എത്ര സ്ഥാപനങ്ങള്‍ നിലവിലുണ്ട്; സ്ഥാപനങ്ങളുടെ പേര് സഹിതം അറിയിക്കുമോ;

(ബി) ഈ സ്ഥാപനങ്ങളില്‍ സംസ്ഥാന സര്‍ക്കാര്‍ അംഗീകരിച്ചിട്ടുള്ള എത്ര സ്ഥാപനങ്ങള്‍ ഉണ്ട്; അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ട്യൂട്ടര്‍ ടെക്നീഷ്യന്‍ (ഒപ്ടോമെട്രി) നിയമനത്തിനുള്ള യോഗ്യത/നിയമനരീതി/നിലവിലുള്ള ഒഴിവുകള്‍ ഇവയെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിലെ നഴ്സിംഗ് കോളേജ്**

**6828 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നഴ്സിംഗ് കോളേജ് അനുവദിച്ചിട്ടുണ്ടോ;

(ബി) ആയതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(സി) ആയതിന് ഭരണാനുമതി ലഭ്യമായത് എന്നാണ്; ഇതിന്റെ ജി.ഒ യുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിലെ പഞ്ചായത്തുകളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയെത്രയാണ്;

(ഇ) ഓരോ പഞ്ചായത്തിനും എത്ര തുക വീതം അനുവദിച്ചു; എത്ര തുക വിനിയോഗിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സുപ്രീംകോടതി വിധിപ്രകാരം സർക്കാരിന് ലഭിക്കേണ്ട എം.ബി.ബി.എസ്. സീറ്റുകൾ**

**6829 ശ്രീ. പി.റ്റി.എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2007-ൽ അടിസ്ഥാന യോഗ്യതയില്ലാത്ത വിദ്യാർത്ഥികളെ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശിപ്പിച്ചതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച 1015/2012 സിവിൽ അപ്പീൽ വിധിപ്രകാരം വിവിധ കോളേജുകൾ സർക്കാരിന് വിട്ടുകൊടുക്കേണ്ട എം.ബി.ബി.എസ്. സീറ്റുകൾ ഈ വർഷം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) കോടതിവിധിയുടെ അന്ത:സത്ത ഉൾക്കൊണ്ട് സർക്കാർ ഫീസായ 25,000/- രൂപയ്ക്ക് പ്രസ്തുത സീറ്റുകളിൽ പഠനം നടത്താൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുമോ;

(സി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി സർക്കാരുണ്ടാക്കിയ കരാറിൽ പ്രസ്തുത സീറ്റുകൾ ഉൾപ്പെടുത്തിയതിലൂടെ മാനേജ്മെന്റുകൾക്ക് അടുത്ത അഞ്ചുവർഷത്തേക്ക് ആറുകോടി നാൽപത്തിയേഴ് ലക്ഷത്തി അമ്പതിനായിരം രൂപ (6,47,50,000/-) അധികനേട്ടമുണ്ടാവുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാനേജ്മെന്റുകളുമായി സീറ്റ് ധാരണാ കരാറില്ലെങ്കിലും പ്രസ്തുത സീറ്റുകൾ സർക്കാരിന് വിട്ടുനൽകാൻ മാനേജ്മെന്റുകൾ ബാധ്യസ്ഥരാണോ; വ്യക്തമാക്കുമോ;

(ഇ) എം.ഇ.എസ്. മെഡിക്കൽ കോളേജ് വിട്ടുതരേണ്ട 27 സീറ്റും ഈ വർഷം തന്നെ സർക്കാരിന് ലഭ്യമാകുമോ;

(എഫ്) എങ്കിൽ പ്രസ്തുത സീറ്റിൽ സർക്കാർ ഫീസായ 25,000/- രൂപയ്ക്ക് പഠനം നടത്തുവാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**13.07.2012 -ലെ മറുപടിക്ക്**

**സ്വാശ്രയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പരിശീലനം**

6830 ശ്രീ. എം. പി. വിൻസെന്റ്
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകണമെന്ന നിർദ്ദേശം വരുവാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളോട് സർക്കാരിന്റെ അഭിപ്രായമെന്താണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സർക്കാർ ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ്**

**6831 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനു കീഴിലുള്ള ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇങ്ങനെ ചെയ്യുന്ന ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 13.07.2012 -ലെ മറുപടിക്ക്

**<u>മെഡിക്കല്‍ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ്</u>**

**6832 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മെഡിക്കല്‍ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിച്ചതിനുശേഷവും സ്വകാര്യ പ്രാക്ടീസ് തുടരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ പ്രാക്ടീസ് തടയുന്നതിനായി എന്തെങ്കിലും പരിശോധന സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കില്‍ എവിടെയെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) അനധികൃതമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നവരെ കണ്ടെത്തിയാല്‍ അവര്‍ക്കെതിരെ എന്തെല്ലാം നടപടികളാണ് നിയമത്തില്‍ വ്യവസ്ഥ ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**ഡോക്ടർ ഓഫ് ഫാർമസി കോഴ്സ്**

**6833**

**ശ്രീ. എം. എ. വാഹീദ്**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഇന്ത്യക്കകത്തും പുറത്തും അനേകം ജോലി സാധ്യതയുള്ള ഡോക്ടർ ഓഫ് ഫാർമസി കോഴ്സ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ മെഡിക്കൽ കോളേജിലെ
മോർച്ചറി കെട്ടിടനിർമ്മാണം**

6834 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ആലപ്പുഴ മെഡിക്കൽ കോളേജിലെ മോർച്ചറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത കെട്ടിടം എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്;**

(സി) **പ്രസ്തുത നിർമ്മാണത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്**

6835 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ട്രോമാ കെയറിന്റെ പ്രവർത്തനം ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടി ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒാപ്റ്റോമെട്രിസ്റ്റ് തസ്തിക**

6836 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും നേത്രവിഭാഗങ്ങളിൽ ഒാപ്റ്റോമെട്രിസ്റ്റ് (ഒാഫ്താൽമിക് അസിസ്റ്റന്റ്) തസ്തികകൾ നിലവിലുണ്ട്; എത്ര ഒഴിവുകൾ ഉണ്ട്;

(ബി) അപ്ഗ്രേഡ് ചെയ്ത എല്ലാ സി. എച്ച്. സി. കളിലും താലൂക്ക് ആശുപത്രികളിലും നേത്രവിഭാഗങ്ങളിൽ ഒാഫ്താൽമിക് തസ്തികകൾ സൃഷ്ടിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>കായംകുളം താലൂക്കാശുപത്രിയിലെ റാബിസ് വാക്സിനേഷനുകൾ എടുത്തതിന്റെ വിശദാംശം</u>**

6837 **ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കായംകുളം താലൂക്കാശുപത്രിയിൽ 2010 മാർച്ച് മുതൽ 2012 ജൂലൈ വരെ എത്ര ആന്റിറാബിസ് വാക്സിനേഷനുകൾഎടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;**

(ബി) **ഈ വാക്സിനുകൾ ആർക്കൊക്കെയാണ് സൗജന്യമായി ലഭിക്കുന്നത്; വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സർക്കാർ ആശുപത്രികളിൽ പി.എം.ആർ യൂണിറ്റ് ആരംഭിക്കുവാൻ നടപടി**

6838 **ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലുമാണ് പി.എം.ആർ യൂണിറ്റ് നിലവിലില്ലാത്തത്;

(ബി) പ്രസ്തുത സർക്കാർ ആശുപത്രികളിൽ പി.എം.ആർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ചില സർക്കാർ ആശുപത്രികളിൽ പി.എം.ആർ വിഭാഗത്തിൽ ഫിസിയോതെറാപ്പിസ്റ്റ് തസ്തിക നിലവിലില്ലാതിനാൽ രോഗികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, ഇതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) മലയോര ജില്ലകളിലെ ജില്ലാ/ജനറൽ ആശുപത്രികളിൽ ഫിസിയോ തെറാപ്പിസ്റ്റ് തസ്തിക സൃഷ്ടിച്ച് പി.എം.ആർ യൂണിറ്റ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സർക്കാർ ആശുപത്രികളിലെ കിടക്കകളുടെയും ജീവനക്കാരുടെയും വിശദാംശം**

6839 **ശ്രീമതി കെ. എസ് സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സുമാർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങി ഓരോ വിഭാഗത്തിലും എത്ര ഒഴിവുകൾ വീതമുണ്ടായിരുന്നുവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; ആയതിൽ എത്രയെണ്ണം ഇപ്പോൾ ഒരോ വിഭാഗത്തിലും നികത്തി; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സർക്കാർ ആശുപത്രികളിൽ ജോലി നോക്കിവന്നിരുന്ന ഡോക്ടർമാർ, നഴ്സുമാർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങി ഓരോ വിഭാഗത്തിലുമുള്ള എത്ര പേരെ സർവ്വീസിൽ നിന്നും പുറത്താക്കി; എത്ര പേരെ സസ്പെൻഡു ചെയ്തു; ജില്ല തിരിച്ച് തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ആകെ കിടക്കകളുടെ എണ്ണമെത്ര; ഇതിന്റെ എത്ര ഇരട്ടിയാണ് സർക്കാർ ആശുപത്രികളിൽ കിടന്ന് ചികിത്സ തേടി ഇപ്പോൾ വരുന്നത്; സർക്കാർ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സര്‍ക്കാര്‍ ആശുപത്രികളില്‍ ലബോറട്ടറി ടെക്നീഷ്യന്‍മാരുടെ തസ്തിക**

6840 **ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എല്ലാ സര്‍ക്കാര്‍ ആശുപത്രികളിലും രോഗ നിര്‍ണ്ണയം നടത്തുവാന്‍ ലബോറട്ടറികള്‍ നിലവിലുണ്ടോ; ഇല്ലെങ്കില്‍ ആയത് പരിഹരിക്കുവാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ബി) നിലവില്‍ സംസ്ഥാനത്തെ സര്‍ക്കാര്‍ ആശുപത്രികളില്‍ എത്ര ലബോറട്ടറി ടെക്നീഷ്യന്‍മാരുടെ തസ്തികയാണുള്ളത്; അതില്‍ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നു;

(സി) മൂന്നേകാല്‍ കോടി ജനതയുടെ രോഗനിര്‍ണ്ണയം നടത്താന്‍ പ്രസ്തുത തസ്തികകള്‍ മതിയാകുമോ; ആയതില്‍ കാലോചിത മാറ്റം വരുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന ലബോറട്ടറികള്‍ പലതും ഒരേ രോഗനിര്‍ണ്ണയം നടത്താന്‍ രോഗികളില്‍ നിന്നും വ്യത്യസ്ത നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നത് എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടുവോ; എങ്കില്‍ ഈ പ്രവണത പരിഹരിക്കുവാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന ലബോറട്ടറികളില്‍ പലതും രോഗനിര്‍ണ്ണയം നടത്തി റിപ്പോര്‍ട്ട് നല്‍കുന്നത് ശരിയായ വിധത്തിലല്ലായെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത് പരിഹരിക്കുവാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**താലൂക്ക് ആസ്ഥാനങ്ങളിൽ രക്ത ബാങ്കുകൾ**

6841 **ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് ആസ്ഥാനങ്ങളിൽ ബ്ലഡ് ബാങ്കുകൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് രക്തം ദാനം നൽകുന്ന സർക്കാർ ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായുള്ള സ്പെഷ്യൽ അവധി ജീവനക്കാരന് ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഗവണ്‍മെന്റ് ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികള്‍**

**6842 ശ്രീ. ജി. എസ്. ജയലാല്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം സംസ്ഥാനത്തെ വിവിധ ഗവണ്‍മെന്റ് ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസന ആവശ്യത്തിലേക്കായി കേന്ദ്രാവിഷ്കൃത പദ്ധതികളോ ഫണ്ടോ ലഭിച്ചിട്ടുണ്ടോ; എങ്കില്‍ ഏതൊക്കെ ആശുപത്രികള്‍ക്ക് എത്ര രൂപയുടെ ആനുകൂല്യം ലഭിച്ചുവെന്നതിന്റെ വിശദാംശം നല്‍കുമോ;

(ബി) എന്‍.ആര്‍.എച്ച്.എം. ഫണ്ട് ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസന ആവശ്യത്തിലേക്ക് ലഭിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**റാന്നി താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ നിയമനം**

**6843 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇപ്പോൾ എത്ര ഡോക്ടർ തസ്തികകളാണുള്ളത്; ഈ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രിയിൽ ജോയിൻ ചെയ്തതിനുശേഷം, വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് സ്ഥലങ്ങളിൽ ജോലി നോക്കുന്ന എത്ര ഡോക്ടർമാരുണ്ട്; അവരുടെ പേരും ഇപ്പോൾ ജോലി നോക്കുന്ന ആശുപത്രിയുടെ പേരും വ്യക്തമാക്കുമോ;

(സി) റാന്നി താലൂക്കാശുപത്രിയിലെ ഡോക്ടർമാർ മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതുമൂലം ഡോക്ടർമാരുടെ അപര്യാപ്തതമൂലം ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന് പരിഹാരമായി ഇവിടെ നിയമിക്കുന്ന സ്പെഷ്യാലിറ്റി ഡോക്ടർമാരെയടക്കം ഇവിടെത്തന്നെ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ എല്ലാം നിയമിക്കപ്പെടുന്നവർ ജോലി ചെയ്യുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>പേരൂര്‍ക്കട ആശുപത്രിയില്‍ ഫിസിക്കല്‍ മെഡിസിന്‍ ആന്റ് റിഹാബിലിറ്റേഷന്‍ സെന്റര്‍</u>**

**6844 ശ്രീ. കെ. മുരളീധരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരത്തെ പേരൂര്‍ക്കട മോഡല്‍ ജില്ലാ ആശുപത്രിയില്‍ ഫിസിക്കല്‍ മെഡിസിന്‍ ആന്റ് റിഹാബിലിറ്റേഷന്‍ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികള്‍ ഏത് ഘട്ടത്തിലാണ്;

(ബി) ഇവിടെ പ്രസ്തുത യൂണിറ്റ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയില്‍ ഫിസിയോതെറാപ്പിസ്റ്റിന്റെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കുന്നംകുളം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ വിശദാംശങ്ങൾ**

**6845 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ അനുവദിച്ച തസ്തികകൾ എത്രയാണ് ; ഏതെല്ലാം ; ഇതിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ട് ; വിശദമാക്കാമോ ;

(ബി) സ്റ്റാഫ് നേഴ്സ് തസ്തിക എത്ര എണ്ണം അനുവദിച്ചിട്ടുണ്ട് ; ഇതിൽ എത്ര എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ട് ;

(സി) വിവിധ തരം പനികളും പകർച്ചവ്യാധികളും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ചാവക്കാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ സ്റ്റാഫ് നേഴ്സ്**

**6846 ശ്രീ. കെ.വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള 16 സ്റ്റാഫ് നേഴ്സ് തസ്തികയിൽ 6 പേർ മാത്രമേ നിലവിലുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കായംകുളം താലൂക്കാശുപത്രിയിലെ പ്രസവങ്ങളുടെയും വന്ധ്യംകരണ ശസ്ത്രക്രിയകളുടെയും വിശദാംശം**

**6847 ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ 2010 മാർച്ച് മുതൽ 2012 ജൂലൈ വരെ പ്രതിമാസം എത്ര നോർമൽ, സിസേറിയൻ പ്രസവങ്ങൾ നടന്നു; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രതിമാസമുള്ള ഇനം തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഈ ആശുപത്രിയിൽ 2010 മാർച്ച് മുതൽ 2012 ജൂലൈ വരെയുള്ള പുരുഷ, സ്ത്രീ വന്ധ്യംകരണ ശസ്ത്രക്രിയകളുടെ പ്രതിമാസ കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ 108 ആംബുലൻസ് അനുവദിക്കുന്നതിന് നടപടി**

**6848 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആംബുലൻസ് സൗകര്യം നിലവിലില്ലാത്ത താലൂക്ക് ആശുപത്രികൾ എത്രയെന്നതു സംബന്ധിച്ച് പേര് വിവരങ്ങൾ നൽകാമോ ;

(ബി) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഉണ്ടായിരുന്ന ആംബുലൻസ് പിൻവലിച്ചത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ഉടൻ തന്നെ 108 ആംബുലൻസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**എൻ.ആർ.എച്ച്.എം മുഖേന കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതി**

**6849** **ശ്രീ. സി.ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. മുഖേന ആരംഭിച്ച കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പി. എച്ച്. സി. കളെ ദിവസം മുഴുവൻ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളാക്കിയ നടപടി**

6850 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി. എച്ച്. സി. കളെ ദിവസം മുഴുവൻ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളായി ഉയർത്തി ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധമായി പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ സ്റ്റാന്റേർഡൈഡ് ചെയ്ത ആരോഗ്യ സ്ഥാപനങ്ങൾ ഉത്തരവ് പ്രകാരം പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) 24 മണിക്കൂറും പ്രവർത്തിക്കുന്ന പി. എച്ച്. സി. യായി ഇവ എന്ന് പ്രവർത്തിച്ച് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സി.എച്ച്.സി കളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കുവാൻ നടപടി**

6851 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പനിയും പകർച്ചവ്യാധികളും പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അപ് ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ള സി.എച്ച്.സി കളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിമയിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പി.എച്ച്.സി കളിലെ ഫീൽഡ് വിഭാഗം ജീവനക്കാർ</u>

6852 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ ജനസംഖ്യാ അനുപാതം എത്രയെന്ന് പറയുമോ;

(ബി) ജനസംഖ്യാനുപാതികമായി ആരോഗ്യമേഖലയിൽ ഫീൽഡ് വിഭാഗം ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ പി.എച്ച്.സി കളിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ സംബന്ധിച്ച വിവരം അറിയിക്കുമോ;

(ഡി) ഫീൽഡ് വിഭാഗം ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം നിയമനം നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം നടപടികൾ അവസാനിപ്പിച്ച് ആശുപത്രികളേയും പ്രതിരോധ പ്രവർത്തനങ്ങളെയും കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ ആശുപത്രികൾ</u>

6853 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എലിഞ്ഞിപ്ര പി.എച്ച്.സി അപ്ഗ്രേഡ് ചെയ്ത് സി.എച്ച്.സി ആക്കിയെങ്കിലും, അതനുസരിച്ചുള്ള ഡോക്ടർമാരുടേയും, മറ്റു ജീവനക്കാരുടേയും എണ്ണം വർദ്ധിപ്പിക്കുകയോ, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം അടക്കമുളള പഞ്ചായത്തുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരടക്കമുള്ള രോഗികൾക്ക് ''കിടത്തി ചികിത്സ'' ഫലപ്രദമായി ലഭ്യമാക്കുന്നതിനായി എലിഞ്ഞിപ്ര സി.എച്ച്.സിയിൽ രാത്രിയിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പി.എച്ച്.സിയിൽ സ്ഥിരമായി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ മണ്ഡലത്തിൽ എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ**

6854 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എൻ.ആർ.എച്ച്.എം. അനുവദിച്ചത് ആകെ എത്ര രൂപയാണ്; ഇതിൽ എത്ര വീതം ചെലവഴിച്ചിട്ടുണ്ട്;സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ വലിയകുന്ന് താലൂക്ക് ആശുപത്രിയുടേയും കേശവപുരം സി.എച്ച്.സിയുടേയും വികസനത്തിനായി എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഓരോ പദ്ധതിയുടേയും ചെലവ് എത്ര വീതമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം**

**6855 ശ്രീ. കെ.കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികള്‍ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററായി ഉയര്‍ത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടര്‍മാരുടെയും പാരാമെഡിക്കല്‍ സ്റ്റാഫിന്റെയും എത്ര ഒഴിവുകള്‍ നിലവിലുണ്ട്; അവ നികത്താന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു;

(ഡി) പ്രസ്തുത കേന്ദ്രങ്ങളില്‍ ജീവന്‍രക്ഷാ മരുന്നുകള്‍ ഉള്‍പ്പെടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ഷൊർണ്ണൂർ സി. എച്ച്. സി.</u>

6856

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റുകളാണുള്ളത്; ആയതിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളെ സി.എച്ച്. സി. യായി ഉയർത്തി; വിശദമാക്കുമോ;

(ബി) ഓരോ സി. എച്ച്. സി.യുടെയും സ്റ്റാഫ് പാറ്റേൺ എപ്രകാരമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ സി. എച്ച്. സി. യിൽ ഒരു സി. എച്ച്. സി.യ്ക്ക് വേണ്ട സ്റ്റാഫ് പാറ്റേണോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) ദിനംപ്രതി 500-ൽ അധികം ഒ. പി. യും അതിനോടനുബന്ധിച്ചുള്ള ഐ. പി. യുമുള്ള പ്രസ്തുത സി. എച്ച്. സി. യിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഡോക്ടർ ഉൾപ്പെടെ എത്ര; വ്യക്തമാക്കുമോ; ഇത് എത്രയായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**നേമം നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ആശുപത്രിവികസന സമിതികൾ**

6857 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പൂജപ്പുരയിലെ പഞ്ചകർമ്മ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ഐരാണിമുട്ടം ആശുപതി എന്നിവയിൽ ആശുപത്രി വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയവ എന്ന് രൂപീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രി വികസന സമിതികളുടെ ഘടന വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ**

6858 **ശ്രീ. കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിന്റെ പരിധിയിലെ വിവിധ ആശുപത്രികളിൽ 2011-12 വർഷം ഏറ്റെടുത്ത് നടത്തിയ വികസന പ്രവർത്തനങ്ങളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിലെ 2012-13 വർഷം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന വികസന - ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പിണറായി പി.എച്ച്.സി.യിൽ കിടത്തി ചികിത്സ**

6859 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ പിണറായി പി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിച്ചുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ കിടത്തി ചികിത്സ നിർത്തിവെച്ചിരിക്കുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പകർച്ചവ്യാധികളും പനിയും വ്യാപകമാകുന്ന സാഹചര്യത്തിൽ പ്രസ്തുത പി.എച്ച്.സി.യിൽ കിടത്തി ചികിത്സ തുടരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം അനുവദിച്ച തുക**

**6860 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം 2011-2012 സാമ്പത്തിക വർഷം കൊല്ലം ജില്ലയ്ക്ക് എത്ര രൂപ അനുവദിച്ചു ; എത്ര രൂപ ചെലവഴിച്ചു ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; എങ്കിൽ ഓരോ ഇനത്തിനും ചെലവഴിച്ച തുക എത്രയാണ് ;

(സി) 2012-2013 സാമ്പത്തിക വർഷം ജില്ലയ്ക്ക് എൻ.ആർ.എച്ച്.എം. മുഖാന്തിരം പ്രതീക്ഷിക്കുന്ന തുക എത്രയാണ് ;

(ഡി) പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ചെറുവത്തൂര്‍ സി. എച്ച്. സി. നര്‍ക്കിലക്കാട് പി. എച്ച്. സി. എന്നിവയ്ക്ക് എന്‍. ആര്‍. എച്ച് എം. വഴിയുള്ള തുക</u>

**6861 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

മുന്‍ സര്‍ക്കാരിന്റെ കാലത്ത് ചെറുവത്തൂര്‍ സി. എച്ച്. സി. നര്‍ക്കിലക്കാട് പി. എച്ച്. സി. എന്നിവയ്ക്ക് അനുവദിച്ച എന്‍. ആര്‍. എച്ച്. എം. വഴിയുള്ള തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**തൃക്കരിപ്പൂർ മണ്ഡലത്തിലെ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഡോക്ടർമാരുടെ ഒഴിവുകൾ**

**6862 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിശിഷ്യ തൃക്കരിപ്പൂർ മണ്ഡലത്തിലെ ആശുപത്രികളിലും ഡിസ്പെൻസറികളിലും നിരവധി ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഒഴിവുകൾ നികത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

### ഔഷധ സസ്യ ബോർഡിന്റെ പ്രവർത്തനം

6863 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഔഷധ സസ്യബോർഡിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ;

(ബി) ദേശീയ ഔഷധ ബോർഡിൽ നിന്നും 2009-2010 വർഷം എത്ര തുകയാണ് അനുവദിച്ചത്;

(സി) അതിൽ ഏതെല്ലാം മേഖലയിലായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് നിലവിൽ ഔഷധ കൃഷി നടത്തി വരുന്നത്;

(ഇ) ഇടവിളയായും, തനിവിളയായും എവിടെയെല്ലാം എത്ര ഹെക്ടറിൽ കൃഷി നടത്തുന്നുണ്ട്;

(എഫ്) എത്ര ഹെക്ടർ സ്ഥലത്തേക്കു കൂടി കൃഷി വ്യാപിപ്പിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്;

(ജി) ഏതെല്ലാം ഏജൻസികൾ വഴിയാണ് കൃഷി നടക്കുന്നത്; സഹകരണ സ്ഥാപനങ്ങളെയും, ടൂറിസം മേഖലയെയും ഉൾപ്പെടുത്തി ഔഷധകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ഔഷധ സസ്യങ്ങളുടെ ദൗര്‍ലഭ്യം</u>

6864 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആയുര്‍വ്വേദ ഔഷധ നിര്‍മ്മാണത്തിന് ഔഷധ സസ്യങ്ങളുടെ ദൗര്‍ലഭ്യം വലിയ പ്രതിസന്ധി യുളവാക്കുന്ന കാര്യം ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ;

(ബി) ഔഷധ സസ്യങ്ങളുടെ സംരക്ഷണവും കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനുളള ഔഷധ സസ്യ ബോര്‍ഡിന്റെ പ്രവര്‍ത്തനവും നിഷ്ക്രിയമായതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഔഷധ സസ്യങ്ങളുടെ വംശനാശം തടയുന്നതിനും ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആയൂർവേദ ആശുപത്രികളിൽ ദിവസ വേതനം**

6865

**ശ്രീ. സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആയൂർവേദ ആശുപത്രികളിൽ ദിവസവേതനക്കാരായ ഫുൾടൈം സ്വീപ്പർമാർക്ക് നൽകുന്ന വേതനം എത്രയാണ്; പ്രസ്തുത തുക 2009-ലെ ശമ്പള പരിഷ്ക്കരണത്തെ തുടർന്ന് വർദ്ധിപ്പിച്ച നിരക്കാണോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ദിവസവേതനക്കാർക്ക് നൽകുന്ന വേതനം തുല്യമാണോ;

(സി) കണ്ണൂർ ജില്ലയിൽ ആയൂർവേദ ആശുപത്രികളിൽ നൽകുന്ന ദിവസവേതനം എത്ര; എന്നുമുതലാണ് ആയത് നൽകുവാൻ തുടങ്ങിയത്?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം**

**6866** **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആയുർവേദ ഡോക്ടർമാരുടെ എത്ര തസ്തികകൾ സംസ്ഥാനമാകെ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(സി) മുഴുവൻ തസ്തികകളിലും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആയുർവേദ ആശുപത്രി ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(ഇ) പ്രസ്തുത പഞ്ചായത്തുകളിൽ ആയുർവേദ ആശുപത്രികൾ അനുവദിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആയുർവ്വേദത്തിന്റെ സാധ്യതകൾ**

**6867 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തെ ആരോഗ്യ പദ്ധതി വിഹിതത്തിൽ ആയുർവ്വേദ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പകർച്ചവ്യാധി പ്രതിരോധത്തിലടക്കം ആയുർവ്വേദ വിഭാഗത്തിനനുവദിച്ച തുക വളരെക്കുറവാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) വിവിധ രോഗങ്ങൾ സുഖപ്പെടുത്തുവാൻ ആയുർവ്വേദത്തിന്റെ സാധ്യതകൾ പൊതുജനങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിലെ ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ ലിസ്റ്റ്**

6868 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. ന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ നിലവിലുണ്ടായിരുന്ന ലിസ്റ്റ് ക്യാൻസൽ ചെയ്തിട്ടുണ്ടോ ; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ ഇതിനോടകം നിയമിച്ചു ;

(ബി) ജില്ലയിൽ ഒട്ടേറെ ഒഴിവുകൾ ഉണ്ടായിട്ടും എൻ.ആർ.എച്ച്.എം. ലിസ്റ്റിൽ നിന്നും ഇനിയും ആയുർവേദ മെഡിക്കൽ ഓഫീസർമാരെ നിയമിക്കാത്തത് എന്തുകൊണ്ട്;

(സി) ജില്ലയിലെ ആയുർവേദ ആശുപത്രികളിൽ നിലവിൽ ഉളള ഒഴുവുകളിലേയ്ക്ക് പകർച്ചപ്പനി മുതലായ രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ എൻ.ആർ.എച്ച്.എം. ലിസ്റ്റിൽ നിന്നും ശേഷിച്ച ഡോക്ടർമാരെ എത്രയും വേഗം നിയമിക്കുവാൻ നടപടിയെടുക്കുമോ ;

(ഡി) ആലപ്പുഴ ജില്ലയിൽ ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ പുതിയ ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കണ്ണൂര്‍ ജില്ലയിലെ പരിയാരം ആയുര്‍വ്വേദ കോളേജ് ആശുപത്രി**

**6869 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പരിയാരം സര്‍ക്കാര്‍ ആയുര്‍വ്വേദ കോളേജ് ആശുപത്രിയില്‍ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇപ്പോള്‍ അവിടെ ഡോക്ടര്‍മാരുടെയും ഉദ്യോഗസ്ഥന്‍മാരുടെയും എത്ര ഒഴിവുകള്‍ ഉണ്ട്; വിശദാംശം നല്‍കുമോ;

(ബി) പ്രസ്തുത ഒഴിവുകള്‍ നികത്താന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**"ഹോംകോ" യുടെ പ്രവർത്തനങ്ങൾ**

6870 **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോപ്പതി ചികത്സയുടെ വ്യാപനത്തിന് ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) "ഹോംകോ" യുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ;

(സി) സർക്കാർ ഹോമിയോ ആശുപത്രിയ്ക്ക് ആവശ്യമായ മരുന്നിന്റെ എത്ര ശതമാനമാണ് ഉൽപ്പാദിപ്പിക്കുന്നത്;

(ഡി) "ഹോംകോ" യുടെ മരുന്നുല്പാദന വിതരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

ശ്രീ വിദ്യാധിരാജ ഹോമിയോ കോളേജ്

**6871 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം ശ്രീ വിദ്യാധിരാജ ഹോമിയോ കോളേജിൽ മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രഹോമിയോ കൗൺസിൽ വ്യവസ്ഥയനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിച്ചിരുന്നത് പൂർണ്ണമായി നടപ്പാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിൽ കേന്ദ്ര ഹോമിയോ കൗൺസിലിന്റെ പാറ്റേൺ അനുസരിച്ചുള്ള അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

## പഴയകുന്നുമ്മേൽ ഹോമിയോ ഡിസ്പെൻസറി

6872 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കപ്പെട്ടിട്ടുളള ഹോമിയോ ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം തുടങ്ങുവാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ ;

(സി) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ഇതിനായി കെട്ടിടവും മറ്റ് ഭൗതിക സാഹചരവുമൊരുക്കിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഡിസ്പെൻസറി പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>ഹോമിയോപ്പതി ഡോക്ടർമാരുടെ ഒഴിവുകൾ</u>**

**6873** **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ഹോമിയോ ആശുപത്രികളിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ കൈവരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **എൻ.ആർ.എച്ച്.എം (ആയുഷ്) ന്റെ പ്രവർത്തനങ്ങൾക്കായി മുൻ സർക്കാരിന്റെ കാലത്ത് ഹോമിയോപ്പതി വകുപ്പിന് എത്ര തുകയാണ് അനുവദിച്ചത്; ഈ സർക്കാർ എന്തു തുക നീക്കി വെച്ചിട്ടുണ്ട്;**

(സി) **ആകെ ഹോമിയോപ്പതി ഡോക്ടർമാരുടെ ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;**

(ഡി) **എങ്കിൽ ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ഹോമിയോപ്പതി ചികിത്സാരംഗത്തിന്റെ പ്രവർത്തനം**

6874 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി ചികിത്സാരംഗം പ്രവർത്തിക്കുന്നത് 1974- ലെ ഹോമിയോപ്പതി സെന്ട്രൽ ആക്ട് അനുസരിച്ചാണോ ; എങ്കിൽ പ്രസ്തുത ആക്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേന്ദ്ര നിയമത്തിനനുസൃതമായി സംസ്ഥാനത്ത് അനുയോജ്യമായ നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലാനുസൃതമായ നിയമ നിർമ്മാണത്തിന് പരിഗണിക്കുമോ ;

(സി) പ്രസ്തുത ചികിത്സ നൽകുന്നതിന് അടിസ്ഥാനമായ യോഗ്യത എന്താണെന്ന് നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത യോഗ്യതയുള്ളവർ തന്നെയാണ് ചികിത്സ നടത്തുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

### പാരമ്പര്യവൈദ്യൻമാർക്ക് ഗ്രാന്റ്

6875 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗുരുകുല പാണ്ഡിത്യത്താൽ വൈദ്യം അഭ്യസിച്ച് ചികിത്സ നടത്തിവരുന്ന പാരമ്പര്യ വൈദ്യൻമാർക്ക് ഗ്രാന്റ് നൽകിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വൈദ്യൻമാർക്കാണ് ഗ്രാന്റ് നൽകിവരുന്നത്; മാസം എത്ര തുകയാണ് ഗ്രാന്റായി നൽകുന്നത്;

(സി) നിലവിൽ ഗ്രാന്റ് നൽകിവരുന്ന വൈദ്യൻമാർക്ക് കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിലെ പാരമ്പര്യ ഗുരുകുല വൈദ്യൻമാരിൽ എത്ര പേർ പുതുതായി ഗ്രാന്റിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോഴത്തെ അപേക്ഷകളിന്മേൽ ഗ്രാന്റ് അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ക്ഷേത്രങ്ങള്‍ക്ക് നല്‍കി വരുന്ന ആനുവിറ്റി**

6876 **ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ക്ഷേത്രങ്ങള്‍ക്കുള്ള വര്‍ഷാശനം (ആനുവിറ്റി) അവസാനമായി പുതുക്കി നല്‍കിയത് എപ്പോഴാണെന്ന് വെളിപ്പെടുത്താമോ ;

(ബി) നിലവില്‍ നല്‍കുന്ന വര്‍ഷാശനം ക്ഷേത്രങ്ങളുടെ നടത്തിപ്പിന് തീരെ അപര്യാപ്തമാണെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) മലബാറിലെ വര്‍ഷാശനം നല്‍കുന്ന ക്ഷേത്രങ്ങളും നല്‍കുന്ന തുകയും എത്രയാണെന്ന് വിശദമാക്കാമോ ;

(ഡി) ഈ തുക കാലാനുസൃതമായി പുതുക്കി നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ദേവസ്വം ഭൂമികൾ കൈവശം വയ്ക്കുന്നവരിൽനിന്നും ഒഴിപ്പിച്ചെടുക്കാനുള്ള നടപടി**

**6877 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേവസ്വംബോർഡ് ഭൂമികൾ പാട്ടത്തിന് കൊടുത്തിരുന്നത് പാട്ടക്കാലാവധിയ്ക്കുശേഷം തിരിച്ചു കിട്ടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി ഏതൊക്കെ ജില്ലകളിൽ എന്ന് വ്യക്തമാക്കുമോ ;

(ബി) ദേവസ്വം ഭൂമികൾ തിരികെ ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പാട്ടക്കാലാവധി കഴിഞ്ഞതിനുശേഷവും ദേവസ്വം ഭൂമികൾ കൈവശം വയ്ക്കുന്നവരിൽനിന്നും അത് ഒഴിപ്പിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ദേവസ്വം ബോർഡിനു കീഴിലുള്ള സ്ക്കൂളുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം**

6878 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്ന തിന് എന്തെല്ലാം നടപടികൾ സ്വികരിച്ചു; വിശദമാക്കുമോ;

(ബി) പ്രസതുത സ്കൂളുകളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ശ്രീ ഐവന്ത്രൻ പരദേവതാ ക്ഷേത്രം</u>

**6879** **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി പഞ്ചായത്തിലെ ശ്രീ ഐവന്ത്രൻ പരദേവതാ ക്ഷേത്രം മലബാർ ദേവസ്വം ബോർഡ് ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു ഗ്രേഡിൽ പരിഗണിക്കാമെന്നുള്ള നിലയിലാണ് ഏറ്റെടുത്തിരിക്കുന്നത്;

(സി) ക്ഷേത്രത്തിലേക്കാവശ്യമായ ജീവനക്കാരുടെ തസ്തികകൾ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് എന്ന് വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനങ്ങൾ അംഗീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ കെട്ടുകാഴ്ചകൾ - യുനസ്കോ - ഐ. സി. എച്ച്. അംഗീകാരത്തിനായി നടപടി</u>**

**6880 ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ കെട്ടുകാഴ്ചകൾ യൂനസ്കോ - ഐ. സി. എച്ച്. അംഗീകാരത്തിനായി സമർപ്പിട്ടുളളതിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) 2010-ൽ കേരള സർക്കാർ ഈ വിഷയത്തിന്മേൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുളള റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിന്മേൽ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**നേമം നിയോജക മണ്ഡലത്തിലെ തിരുവതാംകൂൽ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളുടെ ടെലിഫോൺ നമ്പറുകൾ**

6881 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ ടെലിഫോൺ നമ്പർ ഉൾപ്പെടെയുള്ള വിശദാംങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ദേവസ്വം ജീവനക്കാർക്കുള്ള ക്ഷേമനിധി പദ്ധതി</u>

6882 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ജീവനക്കാർക്കായി നടപ്പിലാക്കിയ ക്ഷേമനിധി പദ്ധതി നടത്തിപ്പിലെ ആശയക്കുഴപ്പം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ക്ഷേമനിധിയിൽ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇനിയും കൃത്യതയില്ലാത്തത് പരിശോധിക്കുമോ;

(ഡി) ക്ഷേമനിധിയുടെ ജില്ലാ ഓഫീസുകളിൽ ഉദ്യോഗസ്ഥരില്ലാതെ പദ്ധതി അവതാളത്തിലാകുന്നത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?